പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 646** 05/06/2018 ൽ മറുപടിക്ക്

**ഇലക്ട്രോണിക് വ്യവസായ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ. ഖാദർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ. എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായം വികസിപ്പിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനങ്ങൾ ഈ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഇലക്ട്രോണിക്സ് വ്യവസായം വികസിപ്പിക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു പഠനം ഹാർഡ് വെയർ മിഷൻ നടത്തുകയുണ്ടായി. ഇതിനോട് അനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള ഇലക്ട്രോണിക്സ് ആൻഡ് ഹാർഡ് വെയർ കമ്പനികളുടെ അടിസ്ഥാന വിവരങ്ങൾ ക്രോഡീകരിക്കുകയും, അവർ നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കിക്കൊണ്ട്, യഥാർത്ഥ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ നിർദ്ദേശിക്കുകയും ചെയ്തു. പ്രധാന പ്രയാസമേഖലകളും സജീവ വളർച്ചാ മേഖലകളും കണ്ടെത്തുന്നതിനായി ചോദ്യോത്തര സർവ്വേകളും, വ്യവസായിക വിദഗ്ധരും അതുമായി ബന്ധപ്പെട്ടവരുമായി കൂടിച്ചേർന്നുകൊണ്ട് വർക്ക്ഷോപ്പുകളും കൺസൾട്ടേഷനുകളും നടത്തുകയുണ്ടായി. |
| (ബി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായം വികസിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (ബി) ഇന്റലും , യു.എസ്.ടി ഗ്ലോബലുമായി ചേർന്ന് സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലാപ്പ്ടോപ്പ്, സെർവർ നിർമ്മാണ യൂണിറ്റ് തുടങ്ങുവാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്.<br><br>ഈ മൊബിലിറ്റിക്ക് വേണ്ടി ഒരു സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ഹാർഡ്‌വെയർ മിഷൻ അതിന്റെ സെക്രട്ടേറിയറ്റായി പ്രവർത്തിക്കുകയും ചെയ്യുന്നു. |
| (സി) ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് മുതൽമുടക്ക് പ്രതീക്ഷിക്കുന്നതെന്നും ഇത് എങ്ങനെയാണ് ലഭ്യമാക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (സി) 2018–19–ലെ സംസ്ഥാന ബഡ്ജറ്റിന്റെ പ്ലാൻ ഫണ്ടിൽ ഹാർഡ് വെയർ മിഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ